(ബി) ഇത്തരത്തിൽപ്പെടുന്ന ഓരോ സ്കൂളിലും എത്ര പേർക്ക് വീതം താമസിക്കാനുള്ള സൗകര്യമുണ്ട് ;

(സി) എല്ലാ വിദ്യാർത്ഥികൾക്കും താമസിക്കുവാനുള്ള സൗകര്യം എന്നേക്കുണ്ടാകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി ഈ വർഷം എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

കട്ടേല, തിരുവനന്തപുരം	...	330
നല്ലൂർനാട്, വയനാട്	...	330
കാസർഗോഡ്	...	70
കോഴിക്കോട്		
പാലക്കാട്	...	168
തൃശ്ശൂർ	...	100
ഇടുക്കി	...	80
ആലപ്പുഴ	...	128
എറണാകുളം	...	210

(സി) കഴിവതും വേഗത്തിൽ താമസസൗകര്യം ഉണ്ടാക്കാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാൻ നിർവ്വാഹമില്ല.

(ഡി) എം. ആർ. എസുകാർക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപ്പുവർഷം പട്ടികവർഗ്ഗ വികസന വകുപ്പിന് 776 ലക്ഷം രൂപയും പട്ടികജാതി വികസന വകുപ്പിന് 800 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളുകളിലെ കളിക്കളങ്ങൾ

84 (4025) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഡോ. അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഏതെല്ലാം സ്കൂളുകൾക്ക് കളിക്കളങ്ങളും കളിക്കാനുള്ള സൗകര്യങ്ങളുമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം വിധത്തിലുള്ള കളികൾക്കുള്ള സൗകര്യമാണ് ഈ സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) കളിക്കളങ്ങളും കളിക്കാനുള്ള സൗകര്യങ്ങളുമില്ലാത്ത ഇത്തരം സ്കൂളുകൾക്ക് അവ ഏർപ്പെടുത്തുവാൻ എന്ത് നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സ്കൂളുകളിൽ എന്നേക്ക് കളിക്കളങ്ങൾ ഉണ്ടാക്കാമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കാസർഗോഡ്, കോഴിക്കോട്, പാലക്കാട്, ഇടുക്കി ജില്ലകളിലെ എം.ആർ.എസുകളിൽ കളിക്കളവും കളിക്കാനുള്ള സൗകര്യവുമില്ല. തൃശ്ശൂർ എം. ആർ.എസിൽ ഔട്ട് ഡോർ കളിക്കുള്ള സൗകര്യമില്ല. എറണാകുളം എം.ആർ.എസിൽ കളിസ്ഥലത്തിനുള്ള സൗകര്യമുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കളിക്കളവും കളിക്കാൻ സൗകര്യമുള്ള സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള കാസർഗോഡ്, കോഴിക്കോട്, പാലക്കാട് ജില്ലകളിലുള്ള എം.ആർ.എസുകളിൽ കളികൾക്ക് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. തൃശ്ശൂർ എം.ആർ.എസിൽ ചെസ്, ക്യാരംസ്, ഷട്ടിൽകളികൾക്കുള്ള സൗകര്യങ്ങളും ആലപ്പുഴ എം.ആർ.എസിൽ അത്‌ലറ്റിക്, വോളിബാൾ, ഷട്ടിൽ, ബാഡ്മിന്റൻ എന്നീ കളികൾക്കും സൗകര്യമുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസുകളിലെ കളികൾക്കുള്ള സൗകര്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സ്കൂളുകൾക്ക് കെട്ടിടം പണി തീരുന്ന മുറയ്ക്ക് കളിസ്ഥലങ്ങളും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ഇപ്പോൾ വ്യക്തമാക്കാൻ നിർവ്വാഹമില്ല.

ചീമേനിയിൽ പോസ്റ്റുമെട്രിക് ഹോസ്റ്റൽ അനുവദിക്കണമെന്ന ആവശ്യം

85 (4026) ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനിയിൽ ഗവൺമെന്റ് ഐ.ടി.ഐ., എഞ്ചിനീയറിംഗ് കോളേജ്, അപ്ലൈഡ് സയൻസ് കോളേജ് തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാകാത്തതുകൊണ്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇത് സംബന്ധിച്ച എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly